കനാനായ വോയ്സ്
www.knanayavoice.com
VOICE OF THE KNANAYA PEOPLE AROUND THE WORLD
ESTD: 2008
29
ഏപ്രിൽ 2012
ഞായർ
ലക്കം 1 ■ പുസ്തകം 12


# കല്ലറപള്ളി പെരുന്നാളിന് ആഘോഷമായ പരിസമാപ്തി



കല്ലറ: വെളുത്ത ഷർട്ടും വെള്ളിക്കരയുള്ള മുണ്ടും കുറത്ത ഫ്രെയിമുള്ള കണ്ണടയും അണിഞ്ഞ് മമ്മൂട്ടി കല്ലറ പള്ളിയിലൊരുക്കിയ വേദിയിലേക്ക് ചുവടുവച്ചപ്പോൾ അത് ഒരുപറ്റം യു.കെ. മലയാളികളുടെ ആഴ്ചകൾ നീളുന്ന കഷ്ടപ്പാടിനു ലഭിച്ച പ്രതിഫലമായിരുന്നു. ജോബി ജോർജ് തടത്തിൽ പ്രസുദേന്തിയായ കല്ലറ പള്ളി പെരുന്നാളിനു തൊട്ടടുത്ത ദിവസമാണ് മമ്മൂട്ടി ഉദ്ഘാടനം ചെയ്ത മെഗാഷോ അരങ്ങേറിയത്. സംഗതി മെഗാഷോ ആയിരുന്നെങ്കിലും ജോബിയോടുള്ള പരിചയം വച്ച് താരങ്ങൾ അവിടേക്ക് ഒഴുകിയെത്തിയപ്പോൾ അക്ഷരാർഥത്തിൽ അതു താരനിശയായി മാറി.

തിരുന്നാളിനോടനുബന്ധിച്ച് ഞായറാഴ്ച നടക്കേണ്ടിയിരുന്ന പരിപാടിയായിരുന്നു മെഗാഷോയും താരരാജാവിന്റെ ആഗമനവും. എന്നാൽ ഇരച്ചുകുത്തി പെയ്തമഴ എല്ലാം തകർത്തു. തുള്ളിക്കൊരു കുടം പെയ്ത മഴയിൽ തകർന്നത് തിങ്ങിക്കൂടിയ ജനങ്ങളുടെ പ്രതീക്ഷ കൂടിയായിരുന്നു. മാഞ്ചസ്റ്ററിൽനിന്നുവരെ വിളിച്ച് ഷോ മുടങ്ങിയതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ ജോബിക്കും അതൊരു നൊമ്പരമായി. താരരാജാവിനെ കാണാൻ പറ്റാത്ത നിരാശയിലാണ് ഞായറാഴ്ച ജനം മടങ്ങിയത്. മമ്മൂട്ടി വരാമെന്നു പറഞ്ഞ ദിവസം പരിപാടി മുടങ്ങിയാൽ പിറ്റേന്നു വരുമെന്ന് ആരെങ്കിലും കരുതുമോ?

പക്ഷേ, അദ്ദേഹമാണ് ജോബിയോടു പറഞ്ഞത്. 'നാളെ നടത്തിക്കോ.. ഞാൻ വന്നോളാം..' ഇതോടെ ജോബിക്ക് ശ്വാസം നേരേ വീണു എന്തിനും താങ്ങായി ഒപ്പമുണ്ടായിരുന്ന ഷൈമോൻ തോട്ടുങ്കൽ, ഷെല്ലി ഫിലിപ്പ്, ജൂബി മുടക്കോടിൽ, ഷിബു എട്ടുകാട്ടിൽ, ഹരീഷ് പണിക്കർ, ജയശങ്കർ റെഡി തുടങ്ങിയവരുടെ പിന്തുണ കൂടിയായപ്പോൾ ആത്മവിശ്വാസം ഇരട്ടിച്ചു. പിന്നെ എല്ലാം പെട്ടെന്നായിരുന്നു. മമ്മൂട്ടി സമ്മതിച്ചാൽ മറ്റു താരങ്ങൾക്കു അപ്പീലുണ്ടോ? നാദിർഷായും സുരാജ് വെഞ്ഞാറമ്മൂടും, ഭാമയും റോമയും മിത്രാ കുര്യനും ഷംന കാസിമും എല്ലാം ഒറ്റമനസോടെ നിന്നു.

വെട്ടിക്കാട്ട് പ്ലാസയിൽ എല്ലാവർക്കും താമസസൗകര്യമൊരുക്കി. തിങ്കളാഴ്ച റെക്കോഡിംഗ് ഉള്ളതിനാൽ സ്റ്റീഫൻ ദേവസിക്കു മാത്രം അൽപം അസൗകര്യം. മമ്മൂട്ടി എത്തുമ്പോൾ ജനം അതു വകവച്ചു കൊടുക്കുമല്ലോ? മാത്രമല്ല, തലേന്ന് സ്റ്റീഫൻ ദേവസി സ്റ്റേജിലെത്തി ജനങ്ങളുമായി സംസാരിക്കുകയും ചെയ്തിരുന്നു. തിങ്കളാഴ്ച ഏഴു മണിയോടെ കല്ലറ 'ഹൗസ് ഫുൾ'. മണൽത്തരിയിട്ടാൽ വീഴാത്ത ജനസാഗരം. നാദിർഷായുടെ നേതൃത്വത്തിൽ പരിപാടി തുടങ്ങി.

പിന്നാലെ എട്ടുമണിയോടെ ആരവങ്ങൾക്കിടയിലേക്ക് മമ്മൂട്ടി എത്തി. ഒരു ഗ്രാമത്തിൽ നടക്കുന്ന പരിപാടിയിൽ പങ്കുചേരുന്നത് ഏറെ നാളുകൾക്കു ശേഷമാണെന്ന് അദ്ദേഹം പറഞ്ഞപ്പോൾ ജനം കയ്യടിച്ചു. ആരവം ആതിരുകൾ ഭേദിച്ചപ്പോൾ ജനക്കൂട്ടത്തെ മമ്മൂട്ടി ഓർമിപ്പിച്ചു. ശാന്തമാവുക, എങ്കിൽ ഞാൻ ഇനിയും കുറച്ചു നേരം കൂടി സംസാരിക്കാം. പിന്നെ ജനക്കൂട്ടം ആ മഹാനടന്റെ വാക്കുകൾക്കു പിന്നാലെ പാഞ്ഞു. ഓരോ വരിയിലും കളിയും കാര്യവും ജോബിയോടുള്ള ബന്ധവും മറ്റും ഊന്നിപ്പറഞ്ഞു മമ്മൂട്ടി വേദിയെ കയ്യിലെടുത്തപ്പോൾ അവിടെ താരമായത് ജോബി ജോർജ് തടത്തിലും ഒരുപറ്റം യു.കെ. മലയാളികളുമാണ്.

പൃഥ്വിരാജിലും രാധികയും തുടങ്ങിയവർ മുതൽ മഹാമേരുവായ മമ്മൂട്ടിയും കല്ലറ പള്ളിയിൽ എത്തിയപ്പോൾ പ്രശസ്തമായത് കല്ലറയിലെ സെന്റ് തോമസ് പള്ളി കൂടിയാണ്.

## കുറുമുള്ളൂരിൽ ഇടവക ദിനാഘോഷം ഏപ്രിൽ 29–ന്

കുറുമുള്ളൂർ: സെന്റ് സ്റ്റീഫൻസ് പള്ളിയിൽ ഇടവകദിനാഘോഷം ഏപ്രിൽ 29–ന് ആഘോഷപൂർവ്വം കൊണ്ടാടുന്നു. കുട്ടികളുടെയും മുതിർന്നവരുടെയും വിവിധയിനം കലാ-കായികമത്സരങ്ങളും ആഘോഷത്തോടനുബന്ധിച്ച് നടത്തും. ഇടവക വികാരി ഫാ. തോമസ് പ്രാലേലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ചിങ്ങവനം ഭദ്രാസനാധിപൻ ആർച്ച് ബിഷപ്പ് കുര്യാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ ഇടവക ദിനാഘോഷം ഉദ്ഘാടനം ചെയ്യും. പ്രൊഫ. ബാബു പൂഴിക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തും.

## അതിരൂപതയുടെ അഞ്ച് സ്കൂളുകൾക്ക് നൂറ് ശതമാനം

കോട്ടയം: അതിരൂപതയുടെ കീഴിലുള്ള കോട്ടയം ജില്ലയിലെ അഞ്ച് സ്കൂളുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ നൂറ് ശതമാനം വിജയം. പുന്നത്തുറ സെന്റ് തോമസ് ജി.എച്ച്.എസ് (68), സെന്റ് തോമസ്എച്ച്.എസ് (27), സെന്റ് ആൻസ് കോട്ടയം (155), നട്ടാശേരി സെന്റ് മാർസിലനാസ് (71), എസ്.എച്ച് മൗണ്ട് (50) എന്നീ സ്കൂളുകളാണ് നൂറ് ശതമാനം വിജയം നേടിയത്. കല്ലറ സെന്റ് തോമസ് 99.15 ശതമാനവും കടുത്തുരുത്തി സെന്റ് മൈക്കിൾസ് 98.63 ശതമാനവും വിജയം നേടി നൂറ് മേനിക്കൊപ്പമെത്തി.

## ഈ ആഴ്ചയിലെ കാർട്ടൂൺ



# 'കൊയ്നോണിയ' യുവജനസംഗമം മെയ് 13 ന് കിടങ്ങൂരിൽ

കിടങ്ങൂർ: കെ.സി.വൈ.എൽ. അതിരൂപതാ സമിതി അണിയിച്ചൊരുക്കുന്ന 'കൊയ്നോണിയ' ജീസസ്സ് യൂത്ത് യുവജനസംഗമം 2012 മെയ് 13-ന് കിടങ്ങൂർ ഫൊറോന പള്ളിയിൽ

ഓരോ ക്നാനായ കുടുംബങ്ങളും നസ്രത്തിലെ തിരുക്കുടുംബം പോലെയാകണമെന്നും ഓരോ ക്നാനായ യുവജനങ്ങളും ക്രിസ്തുവിന്റെ പ്രേഷിതരാകണമെന്നും, നാളെകളിൽ സമുദായത്തിന്റെ കാവൽ ഭടൻമരാകേണ്ട യുവജനങ്ങളെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരാക്കുക എന്ന ഉദ്ദേശത്തോടെ ജീസസ്സ് യൂത്ത് ജീവിത ശൈലി പഠിപ്പിക്കുന്നു. നമ്മുടെ കൊച്ചുകേരളത്തിലാരംഭിച്ച് ഇപ്പോൾ ലോകമെമ്പാടുമായി പടർന്നു പന്തലിച്ച് കിടക്കുന്ന ഒരു ക്രിസ്തീയ ജീവിതശൈലിയാണ് ജീസസ്സ് യൂത്ത്. പരിശുദ്ധാത്മാവിന്റെ ആലയമാണ് ഓരോ മനുഷ്യനെന്നും നമുക്ക് ചെയ്യുവാൻ കഴിയുന്ന നൻമകൾ മറ്റുള്ളവർക്ക് ചെയ്തുകൊടുക്കണമെന്നും ജീസസ്സ് യൂത്ത് ജീവിതശൈലി ശീലിക്കുന്നവർ വിശ്വസിക്കുന്നു.

യുവജനങ്ങളെ ദൈവത്തോട് ചേർത്തുനിർത്തുന്നതിലും ദൈവാനുഭവത്തിൽ വളർത്തുന്നതിലും ജീസസ്സ് യൂത്തിന്റെ പങ്ക് വളരെ വലുതാണ്. ജീസസ്സ് യൂത്ത് എന്താണെന്നും, ആ ജീവിത ശൈലി എന്താണെന്നും മനസിലാക്കുവാനുമായി ക്ലാസ്സുകൾ, മദ്ധ്യസ്ഥപ്രാർത്ഥനകൾ, അനുഭവങ്ങൾ പങ്കുവക്കലുകൾ തുടങ്ങിയ ഒട്ടേറെ വിഭവങ്ങളും ജീസസ്സ് യൂത്ത് ഭക്ഷണവും ഒരുക്കിയിരിക്കുന്നു. ജീസസ്സ് യൂത്തിന്റെ നാഷണൽ ടീം അംഗങ്ങൾ തന്നെ സംഗമത്തിന് നേതൃത്വം കൊടുക്കുമ്പോൾ, ഇത് കെ.സി.വൈ,എൽ.. പ്രവർത്തന കാലഘട്ടത്തിന് മറ്റൊരു പൊൻതൂവൽകൂടിയാവും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

'കൊയ്നോണിയ' എന്ന പേരിൽ സംഘടിപ്പിച്ചിരിക്കുന്ന ഈ യുവജന സംഗമത്തിൽ എല്ലാ കെ.സി. വൈ.എൽ. അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. പ്രത്യേകിച്ച് +2 പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾ പഠിക്കുവാനായി തയ്യാറെടുക്കുന്നവർ, മാതാപിതാക്കളും, ബഹു. യൂണിറ്റ് ചാപ്ളയിൻമാരും, യൂണിറ്റ് ഭാരവാഹികളും ഈ യുവജന സംഗമത്തിൽ പങ്കെടുക്കണമെന്ന് പ്രസിഡന്റ് ഷിനോയ് മഞ്ഞാങ്കൽ അറിയിച്ചു.

## തൂവാനീസയിൽ കുട്ടികൾക്കുള്ള ധ്യാനങ്ങൾ

കോതനല്ലൂർ: തൂവാനീസ പ്രാർത്ഥനാലയത്തിൽ അവധിക്കാലത്ത് കുട്ടികൾക്കായുള്ള നിരവധി ധ്യാനങ്ങൾ ക്രമീകരിക്കുകയുണ്ടായി. ഇനി രണ്ടു ധ്യാനങ്ങൾ കൂടി മെയ് ആദ്യ ആഴ്ചകളിൽ നടത്തുന്നുണ്ട്. 5 മുതൽ 9 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി മെയ് 5 വൈകുന്നേരം 4 മുതൽ എട്ടാം തീയതി രാവിലെ 9 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുന്നതാണ്. ആദ്യ കുർബാന സ്വീകരിക്കാത്ത കുട്ടികൾക്കു വേണ്ടി മെയ് 9 രാവിലെ 9 മുതൽ മെയ് 11 വൈകുന്നേരം 4 വരെ ഏഞ്ചൽസ് ധ്യാനവും നടത്തും.

ധ്യാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 04829 242313, 244454, 9496461950

## അതിരൂപത ബൈബിൾ കമ്മീഷൻ യൂറോപ്യൻ തീർത്ഥയാത്ര നടത്തുന്നു

കോട്ടയം: അതിരൂപത ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ യൂറോപ്യൻ തീർത്ഥയാത്ര സംഘടിപ്പിക്കുന്നു. വത്തിക്കാൻ, ഇറ്റലി, സ്വിറ്റ്സർലൻഡ്, സ്പെയിൻ, ഫ്രാൻസ്, പോർച്ചുഗൽ എന്നീ രാജ്യങ്ങളിലെ നാൽപതിൽപരം തീർഥാടന കേന്ദ്രങ്ങളിലൂടെയും, ടൂറിസ്റ്റ് കേന്ദ്രങ്ങളിലൂടെയും കടന്നു പോകുന്ന യൂറോപ്യൻ തീർഥയാത്ര സെപ്റ്റംബർ നാലിന് പുറപ്പെടും. സെപ്റ്റംബർ 17 ന് തിരിച്ചെത്തും. മാർപാപ്പയെ സന്ദർശിക്കുന്നതിനും, ലൂർദ്, ഫാത്തിമ എന്നിവിടങ്ങളിൽ ദിവ്യബലി അർപ്പിക്കുന്നതിനും പ്രത്യേക സൗകര്യമുണ്ടായിരിക്കും. ഭക്ഷണം, യാത്ര, വിസ, താമസം എന്നിവയുൾപ്പെടെ 1,45,000 രൂപയാണ് ചെലവ്.

# കോട്ടയം അതിരൂപതയിലെ വൈദികർക്ക് സ്ഥലംമാറ്റം

കോട്ടയം: അതിരൂപതയിലെ വൈദികരുടെ സ്ഥലംമാറ്റ ലിസ്റ്റ് ചുവടെ ചേർക്കുന്നു. വൈദികരുടെ പേരും പുതുതായി നിയമിക്കപ്പെട്ട ഇടവകകളുമാണ് ലിസ്റ്റിൽ കൊടുത്തിരിക്കുന്നത്.

അപ്പോഴിപ്പറമ്പിൽ ഫാ. ഫിലിപ്പ് (റിട്ട), കോലക്കാട്ടുകുടി ഫാ. സ്റ്റീഫൻ (വെള്ളൂർ), അച്ചിരത്തലക്കൽ ഫാ. ബൈജു (മംഗലഗിരി, കന്താലം), കല്ലുവെട്ടുകുഴി ഫാ. ഷൈജു (തടിയമ്പാട്), പരത്തേട്ടുംകര ഫാ. മാത്യു (കല്ലാർ), മൂലക്കാട്ട് ഫാ. ജയിംസ് (ബ്രഹ്മമംഗലം), മുകളേൽ ഫാ. ഷാജി (പ്രിൻസിപ്പൽ, മരിയഗിരി സ്കൂൾ), വലിയവീട്ടിൽ ഫാ. ജോഷി (വികാർ ഇൻചാർജ്, കടബ), പാരടിയിൽ ഫാ. ഏബ്രഹാം (മ്രാല), തൊടുകയിൽ ഫാ. ഫിലിപ്പ് (ഞീഴൂർ), മേത്താനത്ത് ഫാ. സജി (നീണ്ടൂർ), കൊച്ചുപറമ്പിൽ ഫാ. സജി (സംക്രാന്തി), കൊച്ചാടംപള്ളിൽ ഫാ. ബിജോ (ആർച്ച് ബിഷപ്പിന്റെ സെക്രട്ടറി), തൈപ്പറയിടത്തിൽ ഫാ. പ്രിൻസ് (വികാർ ഇൻചാർജ്, കോട്ടൂർവയൽ, പന്നിയാൽ), മാവേലിപുത്തൻപുര ഫാ. അനീഷ് (വികാർ ഇൻചാർജ്, ചക്കുപള്ളം, കട്ടപ്പന), കളരിക്കൽ ഫാ. അനീഷ് (വികാർ ഇൻചാർജ്, പെരിങ്ങല, മഞ്ഞക്കാട്), കറുകപ്പറമ്പിൽ ഫാ. ജോസ് (വികാർ ഇൻചാർജ്, തെള്ളിത്തോട്, പൂത്തളി) കൊച്ചുപറമ്പിൽ ഫാ. ഷൻജു (വികാർ ഇൻചാർജ്, ഐറോഡ്), എടാട്ട് ഫാ. ബൈജു (ഇറ്റലി), പട്ട്യാൽ ഫാ. ബേബി (നീറിക്കാട്), വേങ്ങച്ചേരിൽ ഫാ. സണ്ണി (പയസ് മൗണ്ട്, ചേറ്റുകുളം), പൊങ്ങാനായിൽ ഫാ. ജയിംസ് (പുന്നത്തുറ), മുകളേൽ ഫാ. റോജി (കല്ലറ പഴയ പള്ളി, വെച്ചൂർ), കീഴങ്ങാട്ട് ഫാ. ജോസഫ് (അറുനൂറ്റിമംഗലം), കണിയാർകുന്നേൽ ഫാ. ജോൺ (റിട്ട), പൂത്തറ ഫാ. ഷാജി (വടക്കുംമുറി, മണക്കാട്), പുതുശ്ശേരിൽ ഫാ. ജെമി (വികാർ ഇൻചാർജ്, എൻ.ആർ. സിറ്റി), മാമ്പുഴക്കൽ ഫാ. ജോസ് (വെളിയനാട്), പുത്രിക്കയിൽ ഫാ. ജയിംസ് (മേമ്മുറി), കരിമ്പുംകാലയിൽ ഫാ. തോമസ് (കൂടല്ലൂർ), ചേന്നങ്കുഴി ഫാ. ജെയ്മോൻ (കത്തീഡ്രൽ), ചേത്തലിൽ ഫാ. ജോൺ (മള്ളൂശ്ശേരി), നെടുംതുരുത്തിൽ ഫാ. മൈക്കിൾ (കടുത്തുരുത്തി), കടവിൽചിറയിൽ ഫാ. ജോസ് (പടമുഖം), പ്രാലേൽ ഫാ. തോമസ് (രാജപുരം), ഈട്ടിപ്പള്ളിൽ ഫാ. മാത്യു (കുറുമുള്ളൂർ), പൂച്ചക്കാട്ടിൽ ഫാ. ജോൺ (വികാർ ഇൻചാർജ്, കാരിത്താസ്), നീലനിരപ്പേൽ ഫാ. ജോൺസൺ (റിട്ട), കൊച്ചുപുത്തൻപുര ഫാ. തോമസ് (ബെത്സലേഹ് സ്റ്റഡി ഹൗസ് ചെയർമാൻ), പൂവത്തുംമൂട്ടിൽ ഫാ. ഏബ്രഹാം (ചാമക്കാല), പാട്ടുമാക്കിൽ ഫാ. ടോമി (എടക്കോലി), മുകളേൽ ഫാ. ബൈജു (വൈസ് റെക്ടർ, എം.എസ്.പി. സെമിനാരി), തേക്കുംകാട്ടിൽ ഫാ. ഷിജോ (വികാർ ഇൻചാർജ്, വെളിയന്നൂർ), കൂടത്തിനാൽ ഫാ. ജോൺ (വികാർ ഇൻചാർജ്, കാണംവയൽ), കട്ടേൽ ഫാ. റെന്നി (യു.എസ്.എ.), കളത്ര ഫാ ഫിൽമോൻ (വികാർ ഇൻചാർജ്, എറണാകുളം), കാരിശ്ശേരിക്കൽ ഫാ. ഫിലിപ്പ് (കല്ലറ പുതിയ പള്ളി), മുറിയംകൂട്ടു നിരപ്പേൽ ഫാ. സ്റ്റീഫൻ (ചെറുകര), മുളവനാൽ ഫാ. ജോസഫ് (കുമരകം), കുറുപ്പിനകത്ത് ഫാ. ജേക്കബ് (പിറവം), മാലിത്തുരുത്തേൽ ഫാ. സാബു (കരിങ്കുന്നം), ചേറോലിക്കൽ ഫാ. ഷാജി (അസി. ഡയറക്ടർ, പാസ്റ്ററൽ കെയർ, കാരിത്താസ് ആശുപത്രി), നാരമംഗലത്ത് ഫാ. ബിനോയ് (യു.എസ്.എ.), കുഞ്ചറക്കാട്ട് ഫാ. അനീഷ് (റിട്ട), പുതുപ്പള്ളിമ്യാലിൽ ഫാ. ജിൻസ് (വികാർ ഇൻചാർജ്, പാഴുത്തുരുത്ത്), തേരാടിയിൽ ഫാ. സ്മിജോ (റിട്ട), വെള്ളാരിമറ്റത്തിൽ ഫാ. സാബു (വികാർ ഇൻചാർജ്, മാന്നാനം), പാറാനിക്കൽ ഫാ. അലക്സാണ്ടർ (തെങ്ങേലി), ചേത്തലിൽ ഫാ. ബിൻസ് (ലേബർ കമ്മീഷൻ ചെയർമാൻ)

## കുരിശുപള്ളിയുടേയും ഗ്രോട്ടോയുടേയും വെഞ്ചരിപ്പ്

കുറുമുള്ളൂർ സെന്റ് സ്റ്റീഫൻസ് ഇടവകയുടെ കീഴിൽ ഓണംതുരുത്തിൽ പുതുതായി പണിയകഴിപ്പിച്ച സെന്റ് ജോർജ്ജ് കുരിശുപള്ളിയുടെയും, കരിങ്ങാലിയിൽ പുതുതായി സ്ഥാപിച്ച മാതാവിന്റെ ഗ്രോട്ടോയുടെയും വെഞ്ചരിപ്പ് കർമ്മം കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ മെയ് 1 ന് നിർവ്വഹിക്കും. വിവിധ വാദ്യമേളങ്ങൾ വെഞ്ചരിപ്പ് കർമ്മങ്ങൾക്ക് മേളക്കൊഴുപ്പേകും. ഇടവക വികാരി ഫാ. തോമസ് പ്രാലേൽ വെഞ്ചരിപ്പ് കർമ്മങ്ങൾക്ക് നേതൃത്വം നൽകും. തുടർന്നും സ്നേഹവിരുന്നും ഉണ്ടായിരിക്കും.

**ക്നാനായ വോയ്സ്**

എല്ലാ ഞായറാഴ്ചയും നിങ്ങളുടെ ഇ-മെയലിൽ ലഭിക്കുവാൻ news@knanayavoice.com എന്ന അഡ്രസ്സിൽ എഴുതുക.

പ്രസിദ്ധീകരണ യോഗ്യമായ വാർത്തകളും വിശേഷങ്ങളും kvoicenews@gmail.com എന്ന അഡ്രസ്സിലേക്ക് അയച്ചു തരിക.



# കോട്ടയം ജില്ലയിലെ ഡ്രൈവർമാർക്ക് പരിശീലനം സംഘടിപ്പിച്ചു



കോട്ടയം: കോട്ടയം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി ജില്ലയിലെ ഡ്രൈവർമാർക്കായി ഏകദിന പരിശീലനം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ഉദ്ഘാടനം കോട്ടയം ആർ.ടി.ഒ കെ.ജി സാമുവൽ നിർവഹിച്ചു. വാഹന അപകടങ്ങൾ വർദ്ധിച്ചു വന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ റോഡ് സുരക്ഷയെക്കുറിച്ചും ഡ്രൈവർമാർ പാലിക്കേണ്ട ഉത്തരവാദിത്വങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുവാൻ ഇത്തരത്തിലുള്ള പരിശീലന പരിപാടികളിലൂടെ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, റിട്ടേയർഡ് ജോയിന്റ് ആർ.ടി.ഒ വി.എം രാജൻ, മോട്ടോർ വാഹന വകുപ്പ് ഇൻസ്പെക്ടർ കെ.ഷിബു, അസി. മോട്ടോർ വാഹന വകുപ്പ് ഇൻസ്പെക്ടർ എസ്. ഗോപകുമാർ, ജെയ്സൺ ഫിലിപ്പ് ആലപ്പാട്ട്, അജീഷ് മോൻ ജോയി എന്നിവർ പ്രസംഗിച്ചു.

പരിശീലന പരിപാടിക്ക് റിട്ടേയർഡ് ജോയിന്റ് ആർ.ടി.ഒ വി.എം രാജൻ നേതൃത്വം നൽകി. പരിശീലനം പൂർത്തിയാക്കിയവർക്ക് ഇരുനൂറ്റി അൻപത് രൂപ സ്റ്റൈഫന്റും മോട്ടോർ വാഹന വകുപ്പിന്റെ പരിശീലന സർട്ടിഫിക്കറ്റും, റോഡ് സുരക്ഷ പരിശീലന കൈപുസ്തകം എന്നിവ ലഭ്യമാക്കി. 125 പേർ പരിശീലനത്തിൽ പങ്കെടുത്തു. അടുത്ത ബാച്ചിന്റെ പരിശീലനം മെയ് 8 ന് നടത്തപ്പെടും. വിശദാംശങ്ങൾക്കും രജിസ്ട്രേഷനുമായി 9947507517 എന്ന നമ്പരിൽ ബന്ധപ്പെടുക.

# കല്ലറ സ്കൂളിന് അഭിമാന മുഹൂർത്തം: മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയത് ഏഴു പേർക്ക്


ചാക്കോസ് ഏബ്രഹാം


സിറിൽ എസ്. ലൂക്കോസ്


ഷിൻസി ജോയ്


ജെറിൻ ബേബി


നിരഞ്ജന പി.


ജിഷ രാജീവ്


ലിനറ്റ് ലൂക്കോസ്

കല്ലറ: കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ വിദ്യാഭ്യാസ ഭൂപടത്തിൽ മികച്ച സ്കൂളുകളിൽ ഒന്നായി നിലനിന്നു പോന്ന കല്ലറ സെന്റ് തോമസ് ഹൈസ്കൂൾ പതിവ് തെറ്റിക്കാതെ ഇത്തവണത്തെ എസ് എസ്.എൽ.സി പരീക്ഷയിലും അഭിമാനാർഹമായ നേട്ടത്തോടെ കോട്ടയം അതിരൂപതാ മാനേജ്മെന്റിന്റെ അഭിമാനം കാത്തു. ഇത്തവണ ഏഴ് കുട്ടികൾക്കാണ് മുഴുവൻ വിഷയങ്ങൾക്കും എ+ കിട്ടിയത്. കൂടാതെ തലനാരിഴക്ക് എല്ലാ വിഷയങ്ങൾക്കും എ+ നഷ്ടപെട്ടത് മൂന്ന് പേർക്കാണ്. പഴയ റാങ്ക് സംവിധാനമായിരുന്നു നിലവിൽ നിന്നിരുന്നത് എങ്കിൽ ഈ ഏഴ് പേരും റാങ്ക് ലിസ്റ്റിൽ കയറിയേനെ.

ഇത് കൂടാതെ കോട്ടയം അതിരൂപതാ മാനേജ്മന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷക്കിരുത്തി കൂടുതൽ പേരെ വിജയിപ്പിച്ചു എന്ന നേട്ടം കൂടി ഇത്തവണ കല്ലറ സ്കൂളിന് സ്വന്തം. 236 പേരെ പരീക്ഷക്കിരുത്തി അതിൽ 234 പേരും ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി. 99.5 % വിജയം നേടിയ സ്കൂൾ കല്ലറയുടെ അഭിമാനമാണ് എന്ന് സ്കൂൾ മാനേജർ അഡ്വ. ഫാ. ജോസഫ് കീഴങ്ങാട്ട് പ്രസ്താവിച്ചു. ഈ നേട്ടം കൈവരിക്കാൻ വേണ്ടി കഠിനാധ്വാനം ചെയ്ത സ്കൂൾ ഹെഡ്മാസ്റ്റർ എം എൽ ജോർജ്ജ് മറ്റത്തികുന്നേൽ, അധ്യാപകർ, വിദ്യാർഥികൾ, രക്ഷകർത്താക്കൾ എന്നിവരെ അദ്ദേഹം അനുമോദിച്ചു.

# അമേരിക്കയിലെ ക്നാനായ കത്തോലിക്ക ഇടവകകളും ചില യാഥാർത്ഥ്യങ്ങളും

കോട്ടയം: ചിക്കാഗോ രൂപതയിലെ ക്നാനായ ഇടവകകളിലുള്ള അംഗത്വം സംബന്ധിച്ചും വിവാഹ സംബന്ധമായി ക്നാനായക്കാർ നൂറ്റാണ്ടുകളായി പാലിച്ചുവരുന്ന പാരമ്പര്യം (എൻഡഗോമി) സംബന്ധിച്ചും കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് അപ്നാദേശിലൂടെ വിശദീകരിക്കുന്നു.



അമേരിക്കയിലെ ചിക്കാഗോ സീറോ മലബാർ രൂപതയുടെ കീഴിലുള്ള ക്നാനായ ഇടവകകളിലെ അംഗത്വം സംബന്ധിച്ചും, വിവാഹ സംബന്ധമായി ക്നാനായക്കാർ നൂറ്റാണ്ടുകളായി പാലിച്ചു വരുന്ന പാരമ്പര്യം സംബന്ധിച്ചും ചില അനാവശ്യ തെറ്റിദ്ധാരണകളും ദുഷ്പ്രചരണങ്ങളും ഉണ്ടായിട്ടുള്ളത് നിർഭാഗ്യകരമാണ്. ഈ സാഹചര്യത്തിൽ ഏതാനും കാര്യങ്ങൾ കൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

എ.ഡി. 345-ൽ ഉറഹാ മാർ യൗസേപ്പ് മെത്രാന്റെയും ക്നായിത്തോമ്മയുടെയും നേതൃത്വത്തിൽ മദ്ധ്യപൂർവ്വദേശത്തുനിന്ന് കൊടുങ്ങല്ലൂരിൽ മിഷനറി പ്രവർത്തനത്തിനെത്തിയ 72 കുടുംബങ്ങളുടെ പിൻതലമുറക്കാരാണല്ലോ ക്നാനായക്കാർ എന്നറിയപ്പെടുന്നത്. ഇവർ സ്വന്തം സമൂഹത്തിനു പുറമെനിന്നു വിവാഹബന്ധത്തിലേർപ്പെടാത്ത ഒരു പാരമ്പര്യം നൂറ്റാണ്ടുകളായി പാലിച്ചുവരുന്നവരും, ആരെങ്കിലും സ്വന്തം സമൂഹത്തിനു പുറമെ നിന്നു വിവാഹം കഴിക്കാനിടയായാൽ അയാൾ അതിനാൽ തന്നെ ക്നാനായ സമുദായത്തിലെ അംഗത്വം സ്വയം നഷ്ടപ്പെടുത്തുകയും ഉപേക്ഷിക്കുകയും ചെയ്തതായി പരിഗണിച്ചു വരുകയും ചെയ്യുന്നു. സ്വവംശ വിവാഹനിഷ്ഠക്കു പുറമെ മറ്റു പല സാമൂഹ്യ സാംസ്കാരിക ആചാരങ്ങളും ക്നാനായക്കാരെ തനിമയുള്ള ഒരു സമൂഹമായി നിലനിർത്തുന്നതിനു സഹായകമായിട്ടുണ്ട്.

സ്വവംശവിവാഹനിഷ്ഠയുടെ സാമൂഹികവും സാംസ്കാരികവുമായ അടിസ്ഥാനവും ഈ പാരമ്പര്യത്തോടു ക്നാനായ സമുദായാംഗങ്ങൾക്കുള്ള വൈകാരികമായ പ്രതിബദ്ധതയും സഭാതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. 1911 ലെ ക്നാനായക്കാർക്കായുള്ള കോട്ടയം വികാരിയാത്തിന്റെ സ്ഥാപനവും തുടർന്നുള്ള ഈ വികാരിയാത്തിന്റെ സഭാപരമായ വളർച്ചയും ഈ അംഗീകാരത്തിന്റെ വ്യക്തമായ അടയാളങ്ങളാണ്. ക്നാനായക്കാർക്കു വേണ്ടി മാത്രം സ്ഥാപിക്കപ്പെട്ട കോട്ടയം വികാരിയാത്തിലെ അംഗത്വത്തിനുള്ള യോഗ്യത ക്നാനായക്കാരനായിരിക്കുക എന്നുള്ളതാണ്. ക്നാനായക്കാരായ മാതാപിതാക്കൾക്കു ജനിക്കുന്നതിലൂടെ ക്നാനായക്കാരനാകുന്ന ഒരാൾ മാമ്മോദീസായിലുടെ കോട്ടയം അതിരൂപതയിലെ അംഗത്വത്തിന് അർഹനാകുന്നു. എന്നാൽ വിവാഹസംബന്ധമായ പ്രത്യേക പാരമ്പര്യം ഉപേക്ഷിച്ച് ക്നാനായ സമുദായത്തിനു പുറത്തുനിന്നു വിവാഹം കഴിക്കുന്ന വ്യക്തി ക്നാനായ സമുദായത്തിലെയോ ക്നാനായക്കാർക്കായി സ്ഥാപിതമായ കോട്ടയം അതിരൂപതയിലെയോ അംഗമായി തുടരുന്നതിനുള്ള അവകാശവും യോഗ്യതയും സ്വയം നഷ്ടപ്പെടുത്തുന്നു. ആ സാഹചര്യത്തിൽ കോട്ടയം അതിരൂപതയിൽ അംഗമല്ലാത്ത, അംഗമാകാൻ അവകാശവും യോഗ്യതയുമില്ലാത്ത ജീവിതപങ്കാളിയുടെ (ഭാര്യയുടെ/ഭർത്താവിന്റെ) രൂപതയിലേക്കു മാറുന്നതിന് അയാൾക്ക് അനുവാദവും ആവശ്യമായ രേഖകളും നൽകപ്പെടുന്നു. ക്നാനായക്കാരുടെ വിവാഹ സംബന്ധമായ പ്രത്യേക പാരമ്പര്യം സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടിയാണ് ക്നാനായ സമുദായവും കോട്ടയം അതിരൂപതയും മേല്പറഞ്ഞ നയം സ്വീകരിച്ചിട്ടുള്ളത്. ഈ നയം അഭംഗുരം തുടരാൻ നാമെല്ലാം പ്രതിജ്ഞാബദ്ധരാണ്.

ക്നാനായ കത്തോലിക്കർ കോട്ടയം അതിരൂപതാദ്ധ്യക്ഷന്റെ അധികാര പരിധിക്കു പുറത്ത് താമസിക്കുന്നവരാണെങ്കിലും മേൽപറഞ്ഞ പാരമ്പര്യവും നയവും അവർക്കും ബാധകമായിരിക്കുമെന്ന നിലപാടാണ് കോട്ടയം അതിരൂപതാധികാരികൾ എന്നും കൈക്കൊണ്ടിട്ടുള്ളത്. ഈ നിലപാടിൽ നാമൊരിക്കലും അയവ് വരുത്തുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടില്ല. കോട്ടയം അതിരൂപതാതിർത്തിക്കു പുറത്ത് താമസിക്കുന്ന ക്നാനായക്കാരുടെ ആദ്ധ്യാത്മികവും സഭാപരവും സാമൂഹ്യവും സാമുദായികവുമായ പുരോഗതിക്കു വേണ്ടി സാധിക്കുന്നിടങ്ങളിലെല്ലാം അവർക്കായി പ്രത്യേക പള്ളികളും ഇടവകകളും ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തുവരുന്നു.

അമേരിക്കയിൽ താമസിക്കുന്ന ക്നാനായ കത്തോലിക്കർ കാനോനികമായി കോട്ടയം അതിരൂപതാദ്ധ്യക്ഷന്റെ അധികാരപരിധിയിൽപ്പെടുന്നവരല്ല. അമേരിക്കയിൽ ചിക്കാഗോ രൂപതയുടെ കീഴിൽ ക്നാനായക്കാർക്കായി സ്ഥാപിക്കപ്പെട്ട ഇടവകകളിൽ ക്നാനായ സമുദായത്തിനു പുറമെ നിന്നു വിവാഹം കഴിച്ച ക്നാനായക്കാർക്ക്

ശേഷം അവസാന പേജിൽ

ക്നാനായ വോയ്സ്
VOICE OF THE KNANAYA PEOPLE AROUND THE WORLD
ESTD: 2008
www.knanayavoice.com

Published by: Knanayavoice, 2634, Golf Rd. (Golf/Washington), Glenview, IL-60025

# വിസ്മൃതിയിലാഴുന്ന ക്രിസ്തു

Forget the Church, Follow the Jesus എന്ന തലക്കെട്ടോടെ ആൻഡ്രൂ സുള്ളിവൻ എഴുതിയ ലേഖനം ഏപ്രിൽ ലക്കം ന്യൂസ് വീക്കിൽ വായിച്ചു. ക്രിസ്തു എന്ന വിശ്വാസ സംഹിതക്കു മേൽ പണിതീർക്കപ്പെട്ട മഹത്തായ പ്രസ്ഥാനങ്ങളാണ് സഭകൾ. ക്രിസ്തുവിനേക്കാൾ പ്രാധാന്യം അവനെ മുൻനിർത്തി ഭൂമിയിൽ നേടിയെടുക്കുന്ന എസ്റ്റാബ്ലിഷ്മെന്റുകൾക്കും അവയുമായി ബന്ധപ്പെട്ട അധികാരങ്ങൾക്കുമാണെന്ന അവസ്ഥ അറിഞ്ഞോ അറിയാതെയോ വന്നതോടെ അമേരിക്കയിലും യൂറോപ്പിലും സഭകളുടെ നിലനിൽപ്പ് തന്നെ ഭീഷണി നേരിടുകയാണെന്ന് ലേഖകൻ സമർത്ഥിക്കുന്നു. ക്രിസ്തുവിന്റെ ജീവിതവും ആശയങ്ങളും സൗകര്യപൂർവ്വം വ്യാഖ്യാനിക്കുന്ന വ്യക്തികളേയോ സ്ഥാപനങ്ങളേയോ അല്ല മറിച്ചു ക്രിസ്തുവിനെ തന്നെ പിൻ ചെല്ലുവാനുള്ള ആഹ്വാനവുമുണ്ട്.

സഭാ വിമിർശകർ എക്കാലവും നമുക്കുണ്ടായിരുന്നു. അവരുയർത്തുന്ന വാദമുഖങ്ങളെ പൂർണ്ണമായി അംഗീകരിക്കുവാൻ ഒരു കാരണവശാലും കഴിയില്ലെങ്കിലും അവരുയർത്തുന്ന വിമർശനങ്ങളെ അവഗണിക്കുവാനും കഴിയില്ല. അല്ലെങ്കിൽ ചുറ്റുവട്ടത്ത് നടക്കുന്നത് കാണാതെ കണ്ണടച്ച് പിടിക്കണം.

സഭ എന്നു പറയുമ്പോൾ പുരോഹിതർ മാത്രമല്ല സഭയുടെ പേരിൽ പഞ്ചായത്ത് ഇലക്ഷനിൽ പോലും സീറ്റ് നേടുന്ന അൽമായനും ഉൾപ്പെടും. ക്രിസ്തുവിന്റെ പേരിൽ പള്ളികൾ സ്ഥാപിക്കാനും സ്ഥാപനങ്ങൾ തുടങ്ങാനും സംഘടനകൾ വളർത്താനുമൊക്കെ കഠിനാധ്വാനം ചെയ്യുന്നവർ അവയുമായി ബന്ധപ്പെട്ട വടംവലികൾക്കിടയിൽ അവനെ സൗകര്യപൂർവ്വം മറക്കുന്നുവെന്ന് പറയുന്നതിൽ തെല്ല് കാര്യമില്ലാതില്ല. ഉറക്കത്തിൽ പോലും കാണാതെ ചൊല്ലാനറിയുന്ന പ്രാർത്ഥനകളിലേക്ക് ഒതുങ്ങുകയല്ലെ നമ്മുടെ ക്രിസ്തുവിനെ പിൻ ചെല്ലൽ!

സ്വാഭാവികമായും ക്രിസ്തു അനുഭവം പ്രദാനം ചെയ്യാൻ കഴിയാത്ത ഇടങ്ങൾ അത് പള്ളി ആയാലും, കൃസ്തീയ സ്ഥാപനങ്ങളോ സംഘടനകളോ ആയാലും അവയിൽ നിന്നും അകന്നു നിൽക്കുവാൻ ഇഷ്ടപ്പെടുന്ന ഒരു വലിയ പക്ഷം ആളുകൾ നമുക്കിടയിലുണ്ട്. മറ്റു ചിലരാകട്ടെ സ്വതന്ത്ര സഭകളിൽ ആകൃഷ്ടരാവുകയും ചെയ്യുന്നു.

ക്രിസ്തു ദർശനങ്ങൾ സ്വന്തം ജീവിതവും പ്രവർത്തികളും വഴി പ്രവർത്തിച്ച് മാതൃക കാട്ടുക എന്ന വലിയ ഉത്തരവാദിത്തം കൂടി സഭയുടെ ആത്മീയ-അൽമായ നേതൃത്വങ്ങൾക്കുണ്ട്. അതല്ലെങ്കിൽ കെട്ട് കാഴ്ചകൾ കണ്ടു മടുത്ത അവയിൽ താല്പര്യം ഇല്ലാത്ത യുവ തലമുറകൾ പള്ളികളിൽ നിന്നും സംഘടനകളിൽ നിന്നും അകന്ന് പോകുന്നതു നോക്കി നിൽക്കേണ്ടി വരും, വിശേഷിച്ച് അമേരിക്ക പോലുള്ള വികസിത രാജ്യങ്ങളിൽ.

പത്രാധിപസമിതിക്കു വേണ്ടി, ലിൻസൻ കൈതമല

# ക്നാനായ ബാലൻ ടിപ്പർ ഇടിച്ചു മരിച്ചു; ജനങ്ങൾ റോഡ് ഉപരോധിച്ചു



കടുത്തുരുത്തി. തലയിലൂടെ ടിപ്പർ ലോറി കയറിയിറങ്ങി എട്ടു വയസുള്ള ക്നാനായ ബാലൻ തൽക്ഷണം മരിച്ചു. മാൻവെട്ടം തെക്കേതിൽ റോബിയുടെ മകൻ കല്ലറ ശ്രീശാരദാവിലാസം സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർഥി ഫെബിൻ ആണ് മാൻവെട്ടം ഗവ. എൽ പി സ്കൂളിനു സമീപമുണ്ടായ ദുരന്തത്തിൽ ദാരുണമായി മരിച്ചത്.

ബന്ധുക്കളോടൊപ്പം വിവാഹ നിശ്ചയ ചടങ്ങിനു പോയ കുട്ടി ജീപ്പിൽ നിന്നിറങ്ങി റോഡ് മുറിച്ചു കടക്കുമ്പോൾ അമിതവേഗതയിലെത്തിയ ടിപ്പർ ലോറി ഇടിക്കുകയായിരുന്നു. മാതാപിതാക്കൾ കൂടെയുണ്ടായിരുന്നില്ല.

കുറുപ്പന്തറയിൽ നിന്നും ആലപ്പുഴയിലേക്ക് കരിങ്കല്ലുമായി പോകുകയായിരുന്ന ലോറി രണ്ടു കിലോമീറ്റർ അകലെ കളമ്പുകാടിനു സമീപം നിർത്തിയിട്ട ശേഷം ഡ്രൈവർ ഓടിപ്പോയി.

സംഭവത്തെത്തുടർന്ന് ക്ഷുഭിതരായ നാട്ടുകാർ അപകടസ്ഥലത്ത് റോഡ് ഉപരോധിച്ചു. കുഞ്ഞിന്റെ മൃതദേഹം ആശുപത്രിയിലേക്കു നീക്കാൻ സമ്മതിച്ചില്ല. തുടർന്ന് മോൻസ് ജോസഫ് എംഎൽഎ, ആർഡിഒ ജോയി വർഗീസ്, വൈക്കം തഹസീൽദാർ ആർ. സന്തോഷ്, ഡിവൈഎസ്പി എം. രമേഷ് കുമാർ എന്നിവർ സ്ഥലത്തെത്തി.

കല്ലറ വെച്ചൂർ, കല്ലറ കടുത്തുരുത്തി റോഡുകളിൽ അനിശ്ചിതകാലത്തേക്ക് ടിപ്പർ ലോറികളുടെ ഓട്ടം നിരോധിക്കാൻ നിർദേശിച്ചതായി മോൻസ് പ്രഖ്യാപിച്ചതിനെത്തുടർന്ന് രണ്ടുമണിക്കൂറിനു ശേഷമാണ് മൃതദേഹം ആശുപത്രിയിലേക്കു മാറ്റിയത്.

പിതാവ് റോബി സ്വകാര്യ ബസ് ഡ്രൈവറാണ്. മാതാവ് ബിന്ദു കോതമംഗലം ആദപ്പള്ളി കുടുംബാംഗം. സഹോദരങ്ങൾ: ഫെൽബിൻ, ഫെമിയ.സംസ്കാരം കല്ലറ പുത്തൻ പള്ളിയിൽ നടത്തി.

# താരകലാമാല ഹ്യൂസ്റ്റണിൽ ഉജ്ജ്വല വിജയം



ഹ്യൂസ്റ്റൺ: സെന്റ് മേരീസ് ക്നാനായ കാത്തലിക് ദേവാലയ ത്തിന്റെ ധന ശേഖരണാർത്ഥം സ്റ്റാഫോർഡ് സിവിക് സെന്ററിൽ നടത്തപ്പെട്ട മെഗാഷോ താരകലാമാല വൻ വിജയമായി. കലാപരിപാടിയുടെ ഔപചാരികമായ ഉത്ഘാടനം ഇടവക വികാരി ഫാ. ജോസ് ഇല്ലിക്കുന്നുംപുറത്ത് ട്രസ്റ്റിമാരായ സൈമൺ എള്ളങ്കിയിൽ, ടോമി തേക്കുനിൽക്കുന്നതിൽ, ജോയ് കളപ്പുരതട്ടേൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഭദ്രദീപം കൊളുത്തി നിർവഹിച്ചു. തുടർന്ന് മെഗാ സ്പോൺസർ സത്യ ഗ്രോസേഴ്സ്, ഗ്രാൻഡ് സ്പോൺസർമാരായ ഗസൽ ഇൻഡ്യ കഫേ, അപ്നാ ബസാർ എന്നിവരും തിരിതെളിച്ച് ഉത്ഘാടന ചടങ്ങിൽ പങ്കുചേർന്നു. മലയാളികളുടെ പ്രിയ ഹാസ്യതാരം സാജു കൊടിയന്റെ നേതൃത്വത്തിൽ കലാഭവൻ താരങ്ങളും സിനിമാല താരങ്ങളും ചേർന്നൊരുക്കിയ നൃത്ത-സംഗീത-ഹാസ്യ-വിരുന്ന് ഹ്യൂസ്റ്റണിലെ സഹൃദയരായ കലാസ്വാദകർക്ക് വിനോദത്തിന്റെ അവിസ്മരണീയമായ ഒരു നല്ല സായാഹ്നം പ്രദാനം ചെയ്തു.

തികഞ്ഞ നേതൃത്വ പാടവത്തോടെ ചടങ്ങുകൾ വൻ വിജയമാക്കുന്നതിൽ പ്രോഗ്രാം കോർഡിനേറ്റർമാരായ ടോം വിരിപ്പനും ജോസ് നെടുമാക്കലും സ്തുത്യർഹമായ പങ്കു വഹിച്ചു. വിൻസെന്റ് ഡി പോൾ പ്രസിഡന്റ് സ്റ്റീഫൻ ലൂക്കോസ് എരുമേലിക്കരെയുടേയും വുമൻസ് മിനിസ്ട്രിയുടെ പ്രസിഡന്റ് ലൗലി എള്ളങ്കിയിലിന്റേയും നേതൃത്വത്തിൽ നടത്തിയ റാഫിൾ ഡ്രോയോടുകൂടി ചടങ്ങുകൾ അവസാനിച്ചു

# ക്നാനായത്വത്തെ തകർക്കുവാൻ അനുവദിക്കില്ല ചിക്കാഗോ കെ.സി.എസ്.




ചിക്കാഗോ: ജൻമംകൊണ്ടും കർമ്മം കൊണ്ടും ക്നാനായത്വം പാലിക്കുന്നവർ മാത്രമാണ് ക്നാനായക്കാർ എന്ന് ചിക്കാഗോ കെ.സി.എസ്. സമ്മേളനം പ്രഖ്യാപിച്ചു. വടക്കേ അമേരിക്കയിൽ ക്നാനായ പാരമ്പര്യങ്ങളും പൈതൃകങ്ങളും പിന്തുടരുന്നതിന് വിലങ്ങുതടിയായി നിൽക്കുന്ന 1986 ലെ റെസ്ക്രിപ്റ്റ് പിൻവലിക്കുകയോ തിരുത്തിയെഴുതുകയോ വേണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ.സി.സി.എൻ.എ. യുടെയും ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെയും ആഭിമുഖ്യത്തിൽ ഓറിയന്റൽ ചർച്ചിന് നൽകുന്ന മെമ്മോറാണ്ടത്തിന്റെ വടക്കേ അമേരിക്കയിലെ ഒപ്പുശേഖരണ സമ്മേളനത്തിലാണ് സംഘടനയുടെ ഈ പ്രഖ്യാപനം ഉണ്ടായത്. ക്നാനായത്വത്തെ തിരുത്തിയെഴുതാൻ ശ്രമിക്കുന്നത് സമുദായത്തോടുള്ള വെല്ലുവിളിയാണ്. ഇതിനെ തകർക്കുവാൻ ശ്രമിക്കുന്ന ഏത് ശക്തിയേയും ചെറുത്തുതോൽപിക്കേണ്ടത് മുഴുവൻ ക്നാനായക്കാരുടെയും കടമയാണ്.

ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് മീറ്റിംഗ് വടക്കേ അമേരിക്കിയലെ ക്നാനായ ഇടവകകളുടെ അംഗത്വം ജൻമംകൊണ്ടും കർമ്മംകൊണ്ടും ക്നാനായത്വം പാലിക്കുന്നവർക്ക് മാത്രമായിരിക്കണം എന്നാണ് ചിക്കാഗോ കെ.സി.എസിന്റെ തീരുമാനം എന്നും ഇതിനായുള്ള കെ.സി.സി. എൻ.എ. യുടെയും, ക്നാനായ കത്തോലിക്ക കോൺഗ്രസിന്റെയും, ഡി.കെ.സി.സി.യുടെയും പരിശ്രമങ്ങളെ പരിപൂർണ്ണമായി പിന്തുണക്കുകയും ഇതിനായുള്ള പ്രവർത്തനങ്ങളിൽ ചിക്കാഗോ കെ.സി.എസ്. മുൻനിരയിൽനിന്ന് പ്രവർത്തിക്കുകയും ചെയ്യും എന്നുള്ള പ്രമേയം ഐക്യകണ്ഠേന പാസാക്കുകയും ചെയ്തു.

നൂറ്റാണ്ടുകളുടെ പാരമ്പര്യവും പൈതൃകവും കൈമുതലായുള്ള ക്നാനായ സമുദായത്തിന്റെ അനന്യതയേയും തനിമയേയും ചോദ്യം ചെയ്യുന്നത് ക്നാനായ സമുദായത്തിന്റെ മേലുള്ള കടന്നുകയറ്റമാണെന്നും, കത്തോലിക്കാസഭയുടെ കീഴിൽ നൂറ്റാണ്ടുകളായി പാലിച്ചുപോരുന്ന ക്നാനായത്വത്തിന് പുതിയ നിർവചനങ്ങൾ കൊണ്ടുവരുവാൻ ആരും ശ്രമിക്കേണ്ടെന്നും വിശദീകരണയോഗത്തിൽ പങ്കെടുത്ത എല്ലാവരും ഐകകണ്ഠേന പ്രസ്താവിച്ചു. കേരളത്തിലുള്ളതുപോലെ തന്നെ വടക്കേ അമേരിക്കയിലും ക്നാനായ ഇടവകകളിൽ അംഗത്വം ജൻമംകൊണ്ടും കർമ്മംകൊണ്ടും ക്നാനായത്വം പാലിക്കുന്നവർക്ക് മാത്രമായിരിക്കണമെന്നും അല്ലെങ്കിൽ വിദൂര ഭാവിയിൽ ലോകമാസകലം ക്നാനായക്കാർക്ക് പുതിയ നിർവചനം കൊടുക്കുവാൻ ഇത് കാരണമാകുമെന്നും വിശദീകരണയോഗത്തിൽ സംബന്ധിച്ചവർ അഭിപ്രായപ്പെട്ടു.

ചിക്കാഗോ കെ.സി.എസ്. പ്രസിഡന്റ് സിറിയക് കൂവക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മുൻ കെ.സി.സി.എൻ.എ. പ്രസിഡന്റ് ജോണി പുത്തൻപറമ്പിൽ ഒപ്പുശേഖരണം ഉദ്ഘാടനം ചെയ്തു. കെ.സി.എസ്. ജോയിന്റ് സെക്രട്ടറി മത്ത്യാസ് പുല്ലാപ്പള്ളിൽ സ്വാഗതമാശംസിച്ചു. കെ.സി.എസ്. വൈസ് പ്രസിഡന്റ് ബിനു പൂത്തുറയിൽ, കെ.സി.സി.എൻ.എ. ട്രഷറർ നിമി തുരുത്തുവേലിൽ, ചിക്കാഗോ ആർ.വി.പി. ഷിജു ചെറിയത്തിൽ, വിമൻസ് ഫോറം പ്രസിഡന്റ് ഗ്രേസി വാച്ചാച്ചിറ, കെ.സി.വൈ.എൽ. പ്രസിഡന്റ് റ്റിമ്മി ഇടിയാലിൽ, യുവജനവേദി പ്രസിഡന്റ് ദീപു കണ്ടാരപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന ചർച്ചകളിൽ അലക്സാണ്ടർ കൊച്ചുപുരക്കൽ, മാത്യു ഇടിയാലിൽ, ബാബു തൈപ്പറമ്പിൽ, വിൻസെന്റ് ആകശാലയിൽ, ജോൺ കരമ്യാലിൽ, സാജു കണ്ണമ്പള്ളി, മേയമ്മ വെട്ടിക്കാട്ട്, ജയ്മാൻ നന്ദിക്കാട്ട്, ജോസ് തൂമ്പനാൽ, സിറിയക് ചോരത്ത്, എബി തെക്കേമ്യാലിൽ, സണ്ണി മുണ്ടപ്ലാക്കിൽ, ജയ്സൺ ഓലിയിൽ തുടങ്ങിയവർ പങ്കെടുത്തു. കെ.സി.എസ്. സെക്രട്ടറി സൈമൺ മുട്ടത്തിൽ മീറ്റിംഗിന്റെ മോഡറേറ്ററായിരുന്നു.

# ഈസ്റ്റർ ആഘോഷവും യു.കെ.കെ.സി.എ ഭാരവാഹികൾക്ക് സ്വീകരണവും

കോവൻടി: യു.കെ.കെ.സി.എയുടെ കീഴിലുള്ള യൂണിറ്റുകളായ കോവൻടി & വാർവിക്ഷയർ യൂണിറ്റിന്റെ ഈസ്റ്റർ ആഘോഷങ്ങളും യു.കെ. കെ.സി.എ ഭാരവാഹികൾക്ക് സ്വീകരണവും മെയ് 5-ന് നടക്കും. വൈകുന്നേരം 3.30-ന് വിശുദ്ധ കുർബാനയോടെയാണ് പരിപാടികൾ ആരംഭിക്കുന്നത്. ഗായകരായ സ്റ്റീഫൻ മോനിപ്പള്ളി, ജയൻ മുപ്രാപ്പള്ളി, സാവിയോ ജോസഫ്, സ്മിത ഷിജോ എന്നിവരുടെ നേതൃത്വത്തിലുള്ള ഗാനമേള പരിപാടിയുടെ പ്രത്യേകതയാണ്. കൂടാതെ ഫാമിലി ഫിലിംഫ്യൂഷനും ഉണ്ടായിരിക്കും. പരിപാടിയുടെ വിജയത്തിനായി ബാബു ഏബ്രാഹം കളരിക്കലിന്റെ നേതൃത്വത്തിൽ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു. കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറി ലിജോ കൊന്നാടംപടവിൽ ഫോൺ 07861495108.

# സ്വാൻസി ക്നാനായ കാത്തലിക് അസോസിയേഷന്റെ കുടുംബസംഗമം

സ്വാൻസി: യു.കെ.കെ.സി.എ. യുടെ വെയിൽസിലെ പ്രഥമ യൂണിറ്റായ സ്വാൻസി ക്നാനായ കാത്തലിക് അസോസിയേഷന്റെ കുടുംബ സംഗമം ഏപ്രിൽ 28 ശനിയാഴ്ച ബ്രക്കണിലുള്ള ഫാം ഹൗസിൽ നടന്നു. ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് ആരംഭിച്ച സംഗമത്തിന്, വെയിൽസിലെ പ്രസിദ്ധമായ ബ്രക്കൺ നാഷണൽ പാർക്ക് സന്ദർശനത്തോടെയാണ് തുടക്കമിട്ടത്. വൈകുന്നേരം കലാമത്സരങ്ങളും, ക്വിസ് മത്സരവും സംഘടിപ്പിച്ചിരുന്നു.


## പ്രത്യേക അറിയിപ്പ്

**ക്നാനായ വോയ്സ്.കോം–ൽ തൽസമയ സംപ്രേഷണം ബുക്ക് ചെയ്യുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ക്നാനായ വോയ്സ്.കോം–ൽ തൽസമയ സംപ്രേഷണം കാണിക്കാം എന്ന വ്യാജേന കേരളത്തിലെ പല വീഡിയോ ലൈബ്രററികളും സ്റ്റുഡിയോകളും നിങ്ങളെ സമീപിക്കുകയും പിന്നീട് വെബ്സൈറ്റിലെ സാങ്കേതിക കാരണങ്ങൾ നിരത്തി തങ്ങളുടെ വെബ്സൈറ്റിൽ കൂടി മാത്രമേ സംപ്രേഷണം ലഭ്യമാകുകയുള്ളൂ എന്ന് പറഞ്ഞ് നിങ്ങളെ തട്ടിപ്പിന് ഇരയാക്കുന്നതായും അറിയുവാൻ സാധിച്ചു. ഇങ്ങനെ ആരെങ്കിലും നിങ്ങളെ സമീപിച്ചാൽ താഴെ കാണുന്ന ക്നാനായവോയ്സ് പ്രതിനിധികളുടെ നമ്പരിൽ വിളിച്ച് അത് യഥാർത്ഥ ആളുകളാണെന്ന് ഉറപ്പു വരുത്തുക.

ബന്ധപ്പെടേണ്ട നമ്പറുകൾ

**യു.എസ്.എ: 7732342685, ഇന്ത്യ: 9447475735, യു.കെ.: 07861739053, ഓഷ്യാന: +61422435158, ഗൾഫ്: +971506845644**


# ഡിട്രോയിറ്റ് ക്നാനായ പള്ളിയിൽ ജാഗരണ പ്രാർഥന നടത്തുന്നു

ഡിട്രോയിറ്റ്: സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ ജാഗരണ പ്രാർഥന നടത്തുന്നു. എല്ലാ ആദ്യ വെള്ളിയാഴ്ചകളിലും നടത്തുന്ന പ്രാർഥന രാത്രി ഏഴിന് ആരംഭിച്ച് രാത്രി 12 മണിക്ക് സമാപിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് വികാരി ഫാ. മാത്യു മേലേടം അറിയിച്ചു. ആദ്യ പ്രാർഥന മെയ് 4 വെള്ളിയാഴ്ച നടക്കും. സന്ധ്യാനമസ്കാരം, ജപമാല, രാത്രി ജപം, പാപമോചന ശുശ്രൂഷ. ദിവ്യബലി എന്നിവയാണ് ജാഗരണ പ്രാർഥനയിൽ ഉണ്ടാവുക. കൂടുതൽ വിവരങ്ങൾക്ക് - ഫാ. മാത്യു മേലേടം (248 820 2886), ബിബി തെക്കനാട്ട് (248 974 5100) എന്നിവരുമായി ബന്ധപ്പെടുക.


3omTV KV TV Kerala Knanaya Voice

Asianet, KVTV and 15 other channels just for $24.99

Call KnanayaVoice team for Subscription on 773-234-2685, 847-791-1824

# ക്നാനായ പാരമ്പര്യവും ആചാരങ്ങളും കാത്തു സംരക്ഷിക്കുക തന്നെ ചെയ്യും: ലെവി പടപുരക്കൽ

ലിവർപൂൾ: പതിനാറ് നൂറ്റാണ്ടുകളായി ക്നാനായ സമുദായം കാത്തു സൂക്ഷിക്കുന്ന പാരമ്പര്യവും സംസ്കാരവും എന്നും കാത്തു സൂക്ഷിക്കുക തന്നെ ചെയ്യുമെന്ന് യുകെകെസിഎ പ്രസിഡന്റ് ലെവി പടപുരക്കലും സെക്രട്ടറി മാത്തുക്കുട്ടി ആനകുത്തിക്കലും പ്രസ്താവിച്ചു. ലിവർപൂൾ ക്നാനായ സമൂഹത്തിന്റെ നേതൃത്വത്തിൽ ഗാർസ്റ്റണിലുള്ള ഹീത്ത് ഹാളിൽ ഈസ്റ്ററിന്റെ ഭാഗമായി നടന്ന സമ്മേളനത്തിൽ വച്ചായിരുന്നു അവർ ഈ പ്രഖ്യാപനം നടത്തിയത്.

ഞായറാഴ്ച വൈകുന്നേരം 2 മണിക്ക് ആരംഭിച്ച പരിപാടികളിൽ കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച വിവിധ കലാകായിക പരിപാടികൾ കാണികളെ ആനന്ദിപ്പിച്ചു. യുകെ മിസ്സ് കെഎൻഎ യായി തെരഞ്ഞെടുത്ത ലിവർപൂളിലെ നയന ബാബുവിനെയും റണ്ണർ അപ് ആയി തിരഞ്ഞെടുത്ത സെൻഷിയ തോമസിനെയും അവരുടെ കുടുംബാംഗങ്ങളെയും യോഗം അഭിനന്ദിച്ചു.

ലിവർപൂൾ ക്നാനായ യുവജന പ്രസ്ഥാനത്തിന്റെ നേതാവ് സ്റ്റെഫിൻ ഫിലിപ്പിനെയും പ്രത്യേകം അഭിനന്ദിച്ചു. ഓസ്ട്രേലിയയിലേക്ക് കുടിയേറുന്ന റ്റിജോയ്ക്കും കുടുംബത്തിനും ജെനുവിനും കുടുംബത്തിനും യാത്രയയപ്പ് നൽകി.

യോഗപരിപാടികൾക്ക് യൂണിറ്റ് പ്രസിഡന്റ് സജി പുതിയവീട്ടിൽ, സെക്രട്ടറി തോമസ് ലോനൻ, നാഷണൽ കൗൺസിലിങ്ങ് സാജു ലൂക്കോസ് എന്നിവർ നേതൃത്വം നൽകി. ആശംസകൾ അറിയിച്ചുകൊണ്ട് യുകെസിസി ട്രഷറർ സാജൻ പടിക്കമാലിയിൽ വൈസ് പ്രസിഡന്റ് ജിജോ മാധവപ്പള്ളി എന്നിവർ സംസാരിച്ചു.

# സ്റ്റീവ് അലക്സും നൈനാ ബാബുവും മിസ്റ്റർ & മിസിസ്സ് യു.കെ.കെ.സി.എ.



ബർമിംഗ്ഹാം: യുകെ ക്നാനായ കാത്തലിക് യൂത്ത് ലീഗിന്റെ രണ്ടാമത് കൺവനഷൻ വ്യത്യസ്തമായ പരിപാടികളോടെ ആഘോഷിച്ചു. നാഷണൽ ചാപ്ലെൻ ഫാ. സജി മലയിൽപുത്തൻപുരയിലിന്റെ 17-ാമത് പൗരോഹിത്യവാർഷികവും തദവസരത്തിൽ നടത്തുകയുണ്ടായി. യു.കെയുടെ വിവിധ ഭാഗങ്ങളിൽ നിന്നും യുവജനങ്ങൾ തങ്ങളുടെ സുഹൃത്തുക്കളെ കാണുവാനും സൗഹൃദം പങ്കുവക്കുവാനുമായി എത്തിയിരുന്നു.

മാസ്മരികമായ ചുവടുവയ്പുകളോടെ ബർമിംഗ്ഹാം കെ.സി.വൈ.എൽ. അംഗങ്ങൾ അവതരിപ്പിച്ച സ്വാഗതനൃത്തം ഏവരുടെയും മനം കുളിർപ്പിച്ചു. എല്ലാ യൂണിറ്റ് പ്രസിഡന്റുമാരും ഡയറക്ടർമാരും സെൻട്രൽ കമ്മിറ്റിയും ചേർന്നു നടത്തിയ ഉദ്ഘാടനകർമ്മം ഒരു നവ്യാനുഭവമായി. അപ്രതീക്ഷിതമായി ഒരുക്കിയ ആഘോഷ പരിപാടിക്ക് ഫാ. സജി മലയിൽ പുത്തൻപുരയിൽ നന്ദി പറഞ്ഞു.

തുടർന്നു നടന്ന പേഴ്സണാലിറ്റി മത്സരമായിരുന്നു ഇത്തവണത്തെ കൺവൻഷന്റെ പ്രമുഖവും ശ്രദ്ധേയവുമായ ഇനം. 64 യുവതീയുവാക്കൾ പങ്കെടുത്ത ആദ്യറൗണ്ടിൽനിന്നും 10 യുവാക്കളേയും 10 യുവതികളേയും ഫൈനൽ റൗണ്ടിലേക്ക് തെരഞ്ഞെടുത്തു. ആവേശകരമായ ഫൈനൽ റൗണ്ടിൽ മൂന്നു മാനദണ്ഡങ്ങളെ ആസ്പദമാക്കിയാണ് വിജയികളെ തെരഞ്ഞെടുത്തത്. ആകർഷണീയമായ ചുവടുവയ്പ്, വ്യത്യസ്തരീതിയിലുള്ള സ്വയം പരിചയപ്പെടുത്തൽ, തങ്ങൾക്ക് ലഭിച്ച ചോദ്യങ്ങൾക്ക് നർമ്മത്തിലും മൂല്യബോധത്തിലും ചാലിച്ച ചടുലതയോടെയുള്ള ഉത്തരത്തെയും ആസ്പദമാക്കിയാണ് മിസ്റ്റർ ആൻഡ് മിസിസ് യുകെകെസിവൈഎൽ. വിജയികളെ തെരഞ്ഞെടുത്തത്. 64 മത്സരാർഥികളിൽ നിന്നും മിസ്റ്റർ യുകെകെസിഎ. പദവിക്ക് അർഹനായത് ലണ്ടനിൽനിന്നുള്ള സ്റ്റീവ് അലക്സും മിസിസ് യുകെകെസിഎ പദവിക്ക് അർഹയായത് ലിവർപൂളിൽനിന്നുള്ള നൈന ബാബുവുമാണ്. മാഞ്ചസ്റ്ററിൽനിന്നുള്ള ജുബിൽ ജോസും ലിവർപൂളിൽനിന്നുള്ള സെൻസിയ തോമസും യഥാക്രമം റണ്ണറപ്പായി. യുവജനങ്ങളുടെ ഭാവി മികവുറ്റതാകുന്നില്ലായെന്ന് മനസിലാക്കിയാണ് അവരിൽ ആകർഷണീയവും ബഹുമുഖവുമായ ഒരു വ്യക്തിത്വം വികസിപ്പിച്ചെടുക്കുക എന്നുള്ള ആശയത്തോടെയാണ് മത്സരം സംഘടിപ്പിക്കാൻ ഭാരവാഹികൾ മുൻകൈയെടുത്തത്. ബൈജുവും റീന ജേക്കബുമാണ് മത്സരത്തിന്റെ വിധികർത്താക്കളായത്.

നാഷണൽ കൗൺസിൽ മീറ്റിംഗിൽ ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി. തുടർന്നു നടന്ന ഇന്ററാക്ടീവ് ഗെയിംസ്, വിവിധയിനം കലാപരിപാടികൾ എന്നിവയിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുത്തു. അവാർഡുദാന ചടങ്ങോടെ പരിപാടികൾക്ക് സമാപനമായി.

രണ്ടാമത് ആനുവൽ കൺവൻഷന്റെ വിജയത്തിനായി പരിശ്രമിച്ച നാഷണൽ ചാപ്ലെൻ ഫാ. സജിയേയും പ്രസിഡന്റ് സുബിൻ ഫിലിപ്പ്, സെക്രട്ടറി ദീപ് സൈമൺ, ജന. സെക്രട്ടറി ഷൈൻ തോമസ്, ട്രഷറർ ടിജോ, നാഷണൽ ഡയറക്ടർമാരായ സാബു കുര്യാക്കോസ്, ഷെറി ബേബി, ആതിഥേയരായ ബർമിംഗ്ഹാം യൂണിറ്റ് ഭാരവാഹികൾ എന്നിവർക്ക് യുകെകെസിവൈഎൽ. വൈസ് പ്രസിഡന്റ് പ്രദീഷ് നന്ദി രേഖപ്പെടുത്തി.

## ലസ്റ്ററിൽ വി. മിഖായേൽ മാലാഖയുടെ തിരുനാൾ മെയ് 12ന്

ലസ്റ്റർ: കോട്ടയം ജില്ലയിലെ നീണ്ടൂരിലും പരിസരപ്രദേശങ്ങളിൽ നിന്നും യു.കെ. യുടെ വിവിധ ഭാഗങ്ങളിലേക്കും കുടിയേറിയവർ ഒത്തുചേർന്ന് സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. മിഖായേൽ മാലാഖയുടെ ദർശന തിരുനാൾ മെയ് 12-ാം തീയതി നാട്ടിൽ തിരുനാൾ നടക്കുന്ന ദിവസം ലെസ്റ്ററിലെ മദർ ഓഫ് ഗോഡ് ചർച്ചിൽ ഭക്തിപൂർവ്വം കൊണ്ടാടുന്നു.

മെയ് 12 ശനിയാഴ്ച ഉച്ചക്ക് 1 മണിക്ക് കൊടിയേറ്റ്, 1.30 ന് നൊവേനയും ആഘോഷമായ തിരുനാൾ ദിവ്യബലിയും കാർമ്മികൻ ഫാ. ബാബു അപ്പാടൻ, തിരുനാൾ സന്ദേശം ഫാ. സജി തോട്ടത്തിൽ തുടർന്ന് വിശുദ്ധ കുർബാനയുടെ ആശീർവാദം ഫാ. മാത്യു വണ്ടാലക്കുന്നേൽ, 3.30 ന് ആഘോഷമായ തിരുനാൾ പ്രദക്ഷിണം, 5.30 ന് കലാസന്ധ്യ, ഗാനമേള, സ്നേഹവിരുന്ന്. കഴുന്ന് എടുക്കുന്നതിനും, നേർച്ചകാഴ്ചകൾ അർപ്പിക്കുന്നതിനും അടിമ വക്കുന്നതിനും സൗകര്യമുണ്ടായിരിക്കും.

## ബ്രാഡ്ഫോർഡിൽ സെന്റ് ജോർജിന്റെ തിരുനാൾ ഞായറാഴ്ച



ബ്രാഡ്ഫോർഡ്: സെന്റ് പീറ്റേഴ്സ് പള്ളിയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ ഞായറാഴ്ച ആഘോഷിക്കും. വൈകുന്നേരം നാലിന് ജപമാലയും തുടർന്ന് ആഘോഷമായ തിരുനാൾ കുർബാനയും നടക്കും. ഫാ. ബാബു അപ്പാടൻ മുഖ്യകാർമികത്വം വഹിക്കും. പള്ളിയുടെ വിലാസം: സെന്റ് പീറ്റേഴ്സ് ചർച്ച്, 651, ലീഡ്സ് റോഡ്, ബ്രാഡ്ഫോർഡ് BD38EL

Royal Malabar
CATERING
WILLIAM GEORGE
royalmalabarcatering@gmail.com
911 B GREENWOOD RD.
GLENVIEW - IL 60025
PH: 847-998-5635
CELL: 773-842-5179
FAX: 847-724-1797


TAX SERVICE
INCOME TAX & ACCOUNTING

FREE E-FILING • SAME DAY REFUND
SAJU KANNAMPALLY
2700 Maynard Dr. Glenview, IL-60025
Phone: 1-847-791-1824, Fax: 1-847-239-6727
Email: saju7@yahoo.com
ASSOCIATES WITH JAIBU KULANGARA

# നിര്യാതരായി



ഇരവിമംഗലം: മണിമല കിഴക്കേ വീട്ടിൽ ജേക്കബ് (76) നിര്യാതനായി. സംസ്കാരം വെള്ളിയാഴ്ച കക്കത്തുമല പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ മേരി ചെറുകര കാരാമയിൽ കുടുംബാംഗം. മക്കൾ: സെലിൻ (കുവൈറ്റ്), സുനിൽ (ഓസ്ട്രേലിയ), സോണിയ (ഇസ്രായേൽ), സജി(യു.കെ). മരുമക്കൾ: സിറിയക്ക് ചിറയിൽ ഇരവിമംഗലം, ഷൈനി കിടാരക്കുഴിയിൽ പാദുവ, ജെയിൻ തണ്ടോത്ത് വാരപ്പെട്ടി, ഷാജി പുഴിമല പിറവം.



കൈപ്പുഴ: കൈപ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ റിട്ട: പ്രിൻസിപ്പാൾ പുല്ലാട്ടുകാലയിൽ മാത്യുസാർ (65) നിര്യതനായി. ഭാര്യ പെണ്ണമ്മ കൈപ്പുഴ ചാമക്കാല കുന്നുംപുറം കുടുംബാംഗമാണ്. മക്കൾ : മധു (യു.കെ) മിഥു, നീതു. മരുമക്കൾ: ബിന്ദു, വിപിൻ, ജോസ്. സംസ്കാരം പിന്നീട് കൈപ്പുഴ സെന്റ് ജോർജ് ഫൊറാന പള്ളിയിൽ.

ന്യൂയോർക്ക്: സെന്റ് പീറ്റേഴ്സ് ക്നാനായ ഇടവകാംഗം ജോസഫ് ചെറിയാൻ മഠത്തിൽ (68) നിര്യാതനായി. സംസ്കാരം പിന്നീട്. ഭാര്യ അമ്മിണി. മക്കൾ റെനി, ഹണി, ബ്രോണി. മരുമക്കൾ: കവിത (ന്യൂജേഴ്സി), ജെക്സി മുരിക്കോലിപുഴ (ഫ്ളോറിഡ), റോഹിൻ ലാഹയിൽ (കാൻസാസ്).

മറ്റക്കര:മണ്ണൂർപ്പള്ളിയിൽ കോച്ചാംകുന്നേൽ പരേതനായ കെ.സി. ഫിലിപ്പിന്റെയും അന്നമ്മയുടെയും മകൾ മിനിമോൾ (39) അന്തരിച്ചു. വെള്ളൂർ സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷൽ സ്കൂളിലെ ക്രാഫ്റ്റ് അധ്യപകനായിരുന്നു. സഹോദരങ്ങൾ: ബാബു കോച്ചംകുന്നേൽ (പ്രിൻസിപ്പൽ, പി.കെ.എം. കോളേജ്, മടമ്പം, കണ്ണൂർ), ലൈലാ ബാബു (പ്രാലേൽ, നീണ്ടൂർ), സിസ്റ്റർ സീനാ എസ്.വി.എം. വിസിറ്റേഷൻ കോൺവെന്റ് (എൻ.ആർ.സിറ്റി, ഇടുക്കി), മേഴ്സി ജോയി (മാപ്പിളത്തുണ്ടത്തിൽ, നിണ്ടൂർ), റോസിലി ടോമി (കടപ്പൂരക്കൽ, മാഞ്ഞൂർ), ക്ലാരമ്മ തോമസ് (കദളിമറ്റം, എസ്.എച്ച്. മൗണ്ട് കോട്ടയം), തോമസുകുട്ടി. സംസ്കാരം മണ്ണൂർ സെന്റ് ജോർജ് ക്നാനായ കത്തോലിക്കാ പള്ളി സെമിത്തേരിയിൽ നടത്തി.

ബ്രഹ്മമംഗലം: അരയൻകാവ് രണ്ടാംകാട്ടിൽ പരേതനായ ചാക്കോ ഇട്ടിയവിരയുടെ ഭാര്യ അന്നമ്മ (86) അന്തരിച്ചു. കുറുമുള്ളൂർ മാടവന കുടുംബാംഗമാണ്. മക്കൾ: ഏബ്രഹാം, ജോസ്, മേരി, ആലീസ്, ജാൻസി, ബെന്നി, അനി. മരുമക്കൾ: മേരി, ലീലാമ്മ, അപ്പച്ചൻ, ജോണി ശ്രീണിയിൽ, തോമസ്, ലിസി, മജി. സംസ്കാരം തോട്ടറ സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നടത്തി.

ഓണംതുരുത്ത്: മടപ്പള്ളികുന്നേൽ പരേതനായ ഇട്ടിയവിരയുടെ മകൻ എം.ഐ. ബേബി (52) അന്തരിച്ചു. ഭാര്യ: മേരി പുഴിക്കേൽ തലക്കൻ പുരയിടത്തിൽ കുടുംബാംഗം. കിടങ്ങൂർ കൊച്ചുലൂർദ്ദ് ഹോസ്പിറ്റലിൽ ജീവനക്കാരിയാണ്. മക്കൾ: അഞ്ചുമോൾ, അരുൺ. സംസ്കാരം കുറുമുള്ളൂർ സെന്റ് സ്റ്റീഫൻസ് പള്ളി സെമിത്തേരിയിൽ നടത്തി.

കൈപ്പുഴ: താന്നിച്ചുവട്ടിൽ പരേതനായ ചാക്കോയുടെ ഭാര്യ ത്രേസ്യാമ്മ (90) അന്തരിച്ചു. കൈപ്പുഴ കരികുളത്തിൽ കുടുംബാംഗം. മക്കൾ: അന്നമ്മ, എൽമ്മ, ജോസ്. മരുമക്കൾ: പരേതനായ തോമസ്കുടിലിൽ കല്ലറ, മാത്തുക്കുട്ടി മൂലയിൽ തോവാള, റോസമ്മ മണ്ണുക്കുന്നേൽ മറ്റക്കര. സംസ്കാരം കൈപ്പുഴ സെന്റ് ജോർജ് ഫൊറോനാ പള്ളി സെമിത്തേരിയിൽ നടത്തി.



ഞീഴൂർ: ചെമ്മലക്കുഴിയിൽ പരേതനായ തോമസി (തൊമ്മച്ചന്റെ) ന്റെ ഭാര്യ അന്നമ്മ (75) നിര്യാതയായി. സംസ്കാരം ഇൻഫന്റ് ജീസസ് പള്ളി സെമിത്തേരിയിൽ നടത്തി. ബ്രഹ്മമംഗലം ഏനാദി ചെമ്പകശേരിൽ (പീടികപറമ്പിൽ) കുടുംബാംഗമാണ്. മക്കൾ: ടോമി (യു.കെ), സ്റ്റീഫൻ, മാത്യു (യു.എസ്.എ), ജോസ്, മായ. മരുമക്കൾ: ലീന ചാമക്കാല കൈപ്പുഴ, മേരിക്കുട്ടി കാരാമയിൽ പാല, മേഴ്സി ഏലൂർ കൈപ്പുഴ , മിനി താനത്ത് കരിങ്കുന്നം , സൈമൺകുട്ടി പച്ചിക്കര തൊടുപുഴ.



കുറിച്ചി: റ്റി സി ജേക്കബ് പുത്തൻചിറയിൽ (82) നിര്യാതനായി. സംസ്കാരം കുറിച്ചി തകിടി ക്നാനായ യാക്കോബായ പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ: മോയി ജേക്കബ് വട്ടത്തിൽ കുടുംബാംഗമാണ്. മക്കൾ: ലീന ജോർജ് (ഫ്ളോറിഡ) ലിജു ജേക്കബ് (ഹ്യൂസ്റ്റൻ), റോയി ജേക്കബ് (ഹ്യൂസ്റ്റൻ), റോണി ജേക്കബ്. (ഹ്യൂസ്റ്റൻ), മീര (ഹ്യൂസ്റ്റൻ).



കൈപ്പുഴ: പരേതനായ കുന്നത്തേട്ട് മത്തായിയുടെ ഭാര്യ അന്നമ്മ (90) നിര്യാതയായി. സംസ്കാരം കൈപ്പുഴ പാലത്തുരുത്ത് സെന്റ് തെരേസാസ് പള്ളി സെമിത്തേരിയിൽ നടത്തി. പരേത കൈപ്പുഴ പുല്ലാട്ടുകാലായിൽ കുടുംബാംഗമാണ്. മക്കൾ: ഏലിക്കുട്ടി, കെ.എം.ജോസ് (റിട്ട. സി.ആർ.പി. എഫ്.), അന്നമ്മ, കൈപ്പുഴ ജോൺ മാത്യു (ജർമ്മനി). മരുമക്കൾ: ജോസഫ് മണ്ടോത്തിൽ പേരൂർ, ലീലാമ്മ കടമുറിയിൽ കിടങ്ങൂർ സൗത്ത്, ചാക്കോച്ചൻ ഇല്ലിപ്പറമ്പിൽ കല്ലറ, പെണ്ണമ്മ ഉള്ളാട്ടിൽ മാഞ്ഞൂർ (ജർമ്മനി).



നീണ്ടൂർ: പടവത്തിൽ ജോസഫിന്റെ മകൻ ബിജോ ജോസഫ് (38) നിര്യാതനായി. ഭാര്യ ഷാന്റി കിടങ്ങൂർ തുത്തുകുടി കുടുംബാംഗമാണ്. മക്കൾ: റിയ, റീമ, റിക്കാ. മാതാവ് പെണ്ണമ്മ . സഹോദരങ്ങൾ ബാബു (ഡാള്ളസ്) ബീന (ഡാള്ളസ്), ബിന്ദു (സൗദി). സംസ്കാരം നീണ്ടൂർ പള്ളി സെമിത്തേരിയിൽ നടത്തി.

പന്ന്യാൽ: തെനംകുഴിയിൽ ഏബ്രഹാം (82) നിര്യാതനായി. സംസ്കാരം പന്ന്യാൽ സെന്റ് ജൂഡ്സ് ദേവാലയ സെമിത്തേരിയിൽ നടന്നു. ഭാര്യ അന്നക്കുട്ടി കിടങ്ങൂർ തോട്ടത്തിൽ കുടുംബാംഗം. മക്കൾ: ജോണി (സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ, പന്ന്യാൽ), മേരി, ഫിലിപ്പ്, ഡെയ്സി, എൽസി. മരുമക്കൾ: ലൈല പൂവത്തുംമൂട്ടിൽ പെരിക്കല്ലൂർ, ജോയി മുപ്രാപ്പള്ളിൽ കണ്ടകശേരി, മേഴ്സി നിരപ്പേൽ തിരൂർ, ബാബു കുന്നക്കാട്ടുതടത്തിൽ പയ്യാവൂർ, ജോർജ് ചേന്നങ്ങാട്ട് ചങ്ങലീരി.



ഞീഴൂർ: ഒരപ്പാനിയിൽ പരേതനായ തോമസിന്റെ ഭാര്യ മറിയക്കുട്ടി (73) നിര്യാതയായി. സംസ്കാരം ഞായറാഴ്ച രാവിലെ 11 ന് ഞീഴൂർ ഉണ്ണിമിശിഹാ പള്ളി സെമിത്തേരിയിൽ. പിറവം കിഴക്കിനടിയിൽ കുടുംബാംഗമാണ്. മക്കൾ: മോളി, എൽസി, ജോസ്, ലില്ലി, സിമിലി, റെജി, മിനി. മരുമക്കൾ: അലക്സ് (യു.എസ്.എ), സണ്ണി (സൗദി), സണ്ണി(ഷാർജ), പ്രമോദ്, പരേതനായ മത്തായി.

## വിനോദ യാത്രക്കിടയിൽ ക്നാനായ യുവാവ് മുങ്ങി മരിച്ചു



മ്രാല: കോടനാട് സന്ദർശനത്തിനു പോയ സെൻറ് പീറ്റേഴ്സ് ആൻഡ് സെൻറ് പോൾസ് പള്ളിയിലെ കെ.സി.വൈ.എൽ അംഗം മുങ്ങി മരിച്ചു. വെലുത്ത മൂട്ടിൽ മാത്യു-എൽസി ദമ്പതികളുടെ മകൻ ജോണിക്കുട്ടി (25) ആണ് മരിച്ചത്. സഹോദരങ്ങൾ: മനോജ്, ആഷ. പോര് എന്ന സ്ഥലത്തായിരുന്നു അപകടം. വ്യാഴാഴ്ച രാവിലെയാണ് 33 അംഗ സംഘം യാത്ര പുറപ്പെട്ടത്. സംഘത്തിൽ ആൺ കുട്ടികൾ മാത്രമെ ഉണ്ടായിരുന്നുള്ളു. വ്യാഴാഴ്ചയും വെള്ളിയാഴ്ചയും സംഭവസ്ഥലത്ത് ഫയർഫോഴ്സ് തിരച്ചിൽ നടത്തിയെങ്കിലും മൃതദേഹം കണ്ടെത്താനായിരുന്നില്ല. തുടർന്ന് നാട്ടുകാരുടേയും നേവിയുടേയും നേതൃത്വത്തിൽ ശനിയാഴ്ച നടത്തിയ തിരച്ചിലിലാണ് മൃതദേഹം കണ്ടെടുത്തത്. സംസ്കാരം ഇന്നലെ ഉച്ചകഴിഞ്ഞ് മ്രാല സെന്റ് പീറ്റേഴ്സ് & പോൾസ് ദേവാലയ സെമിത്തേരിയിൽ നടന്നു.

## 10 –ാം ചരമ വാർഷികം



**എം. കെ. ലൂക്ക**

**മറ്റത്തിക്കുന്നേൽ**

**കല്ലറ പഴയ പള്ളി ഇടവക**

സന്തപ്ത കുടുംബാംഗങ്ങൾ

# കെ.സി.വൈ.എൽ. ഇറ്റലി റീജിയൻ പ്രവർത്തന ഉദ്ഘാടനവും സെമിനാറും സംഘടിപ്പിച്ചു

ഇറ്റലി: കെ.സി.വൈ.എൽ. ഇറ്റലി റീജിയൻ 2012-2013 വർഷത്തെ പ്രവർത്തനോദ്ഘാടനവും അല്ലെഗ്ര 2012 ഏകദിന സെമിനാറും ഏപ്രിൽ 25 ബുധനാഴ്ച Via Ettore Stampini 12 ഹാളിൽ നടന്നു. പരിപാടികൾക്ക് തുടക്കം കുറിച്ചു കൊണ്ട് കെ.സി.വൈ.എൽ. ഇറ്റലി റീജിയൻ പ്രസിഡന്റ് സിജോ ജോസ് ഇടച്ചെരിൽ-ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ക്നാനായ കാത്താലിക് അസോസി യേഷൻ പ്രസിഡന്റ് പുന്നൂസ് പാലക്കാട്ട് ഉദ്ഘാടനം ചെയ്തു. റീജിയൻ ചാപ്ലെൻ ഫാ. ബിബി തറയിൽ അനുഗ്രഹപ്രഭാഷണവും, റീജിയൻ മുൻ പ്രസിഡന്റ് ടെന്നിസ് മണലേൽ, കെസിഎഐ.വൈസ് പ്രസിഡന്റ് ജെയിംസ് മാവേലിൽ, റീജിയൻ വൈസ് ഡയറക്ടർ ടെസി വാക്കേൽ എന്നിവർ ആശംസകൾ അർപ്പിച്ചു. റീജിയൻ വൈസ് പ്രസിഡന്റ് ലിജാ മോൾ ജോസഫ് സ്വാഗതവും,റീജിയൻ സെക്രട്ടറി ശ്യാം സ്റ്റീഫൻ മുളയിങ്കൽ നന്ദിയും പറഞ്ഞു.

# കെ.സി.എസ്. ഡിട്രോയ്റ്റ് വിൻഡ്സർ ഈസ്റ്റർ ആഘോഷിച്ചു.

കെ.സി.എസ്. ഡിട്രോയിറ്റ് വിൻഡ്സറിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 14-ന് ഫാർമിംഗ്ടൺ ഹിൽസിലുള്ള ചാലറ്റ് ഹാളിൽ വച്ച് ഈസ്റ്റർ ആഘോഷിച്ചു. കിഡ്സ്സ് ക്ലബ്ബ് കോർഡിനേറ്റർ സിമി തൈമാലിന്റെ നേതൃത്വത്തിൽ കൊച്ചുകുട്ടികൾക്കായി നടത്തിയ ഈസ്റ്റർ എഗ്ഗ് ഹണ്ടോടുകൂടിയാണ് പരിപാടികൾ ആരംഭിച്ചത്. തദവസരത്തിൽ സ്പെഷ്യൽ ജനറൽ ബോഡി മീറ്റിംഗും നടത്തി. സ്റ്റെല്ല സ്റ്റീഫൻ, ജയ്ന ഇലക്കാട്ട് തുടങ്ങിയവരുടെ പ്രാർത്ഥനാ ഗാനത്തോടുകൂടി മീറ്റിംഗ് ആരംഭിച്ചു. പ്രസിഡന്റ് ഫിലിപ്പ് ചിറയിൽമ്യാലിൽ സ്വാഗതവും സെക്രട്ടറി ജൂബി ചക്കുങ്കൽ നന്ദിയും അറിയിച്ചു. തുടർന്ന് 1986 ലെ റെസ്ക്രിപ്റ്റ് പിൻവലിക്കുകയോ തിരുത്തുകയോ ചെയ്യണമെന്നാവശ്യപ്പെട്ടുള്ള നിവേദനം ഓറിയന്റൽ ചർച്ചിന് നൽകുന്നതിന്റെ ഒപ്പുശേഖരണവും നടത്തി. കെ.സി.എസ്. എക്സിക്യൂട്ടീവ് കമ്മറ്റി പരിപാടികൾക്ക് നേതൃത്വം നൽകി.






ക്നാനായ വാർത്തകൾ ഒരു നിമിഷം മുമ്പേ
ക്നാനായ വോയ്സ്
www.knanayavoice.com

# അമേരിക്കയിലെ ക്നാനായ കത്തോലിക്ക ഇടവകകളും ചില യാഥാർത്ഥ്യങ്ങളും

3-ാം പേജിൽ നിന്നും തുടർച്ച

മറ്റു ക്നാനായക്കാരോടൊപ്പം തുല്യത ഉണ്ടായിരിക്കുമെന്നും തൽസംബന്ധമായി കോട്ടയം അതിരൂപതയിൽ അനുവർത്തിച്ചു വരുന്ന നയം പ്രസ്തുത ഇടവകകളിൽ അനുവദിക്കുകയില്ലെന്നുമുള്ള പൗരസ്ത്യ തിരുസംഘത്തിന്റെ നിബന്ധനക്കു വിധേയമായിട്ടാണ് ചിക്കാഗോ മെത്രാൻ ഈ ഇടവകകൾ സ്ഥാപിച്ചത്. കോട്ടയം അതിരൂപതയിൽ നാം അനുവർത്തിച്ചുവരുന്ന നയം ചിക്കാഗോ രൂപതയിലെ ക്നാനായ ഇടവകകളിലും നടപ്പാക്കാൻ അനുവദിക്കണമെന്നു കോട്ടയം അതിരൂപതാദ്ധ്യക്ഷനും അമേരിക്കയിലെ ക്നാനായ സമൂഹവും പല പ്രാവശ്യം ആവർത്തിച്ച് ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത അപേക്ഷ ഇതുവരെ അനുവദിക്കപ്പെട്ടിട്ടില്ല. നമ്മുടെ ഈ ആവശ്യം സഭ അംഗീകരിക്കുന്നതുവരെ സഭയുടെ നിർദ്ദേശാനുസരണം ചിക്കാഗോ മെത്രാൻ തന്റെ അധികാരത്തിൻകീഴിലുള്ള ക്നാനായ ഇടവകകളെ സംബന്ധിച്ച് എടുക്കുന്ന തീരുമാനം അനുസരിക്കാൻ ആ രൂപതയിലെ വൈദികരും ജനങ്ങളും ബാദ്ധ്യസ്ഥരാണ്. ഇക്കാര്യത്തിൽ ചിക്കാഗോ രൂപതാദ്ധ്യക്ഷന്റെ തീരുമാനം ആദരിക്കാൻ കോട്ടയം അതിരൂപതാദ്ധ്യക്ഷനും നിർബന്ധിതനാണ്. തൻമൂലം കോട്ടയം അതിരൂപതയിൽ നാം അനുവർത്തിച്ചു വരുന്ന നയം കോട്ടയം അതിരൂപതക്കു പുറത്തുള്ള ക്നാനായ ഇടവകകളിലും ബാധകമാക്കണമെന്ന നമ്മുടെ അടിസ്ഥാന ആവശ്യം ഉപേക്ഷിക്കാതെ തന്നെ, ഈ ആവശ്യം അംഗീകരിക്കപ്പെടുന്നതുവരെ സഭയുടെ നിലവിലുള്ള തീരുമാനം അംഗീകരിക്കാൻ നാം കടപ്പെട്ടവരാണ്. സഭയുടെ ഈ തീരുമാനം അനുസരിച്ച്, ജൻമംകൊണ്ട് ക്നാനായക്കാരനായ ഒരു വ്യക്തിക്ക് ക്നാനായ സമുദായത്തിനു പുറത്തുള്ള ഒരാളെ വിവാഹം ചെയ്തതിന്റെ പേരിൽ അമേരിക്കയിലെ ചിക്കാഗോ സീറോ മലബാർ രൂപതയിലെ ക്നാനായ ഇടവകകളിൽ അംഗത്വം നിഷേധിക്കാൻ സാധ്യമല്ല. പ്രസ്തുത തീരുമാനം മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ അംഗീകരിക്കപ്പെട്ടാലും, ജൻമംകൊണ്ട് ക്നാനായക്കാരല്ലാത്ത ജീവിതപങ്കാളിക്കോ കുടുംബത്തിനോ ക്നാനായ ഇടവകയിൽ അംഗത്വം നൽകാൻ ഒരിക്കലും സാദ്ധ്യമല്ലെന്ന നിലപാടിൽ അമേരിക്കയിലെ ക്നാനായ ഇടവകകൾ ഉറച്ചുനിൽക്കുന്നു. കോട്ടയം അതിരൂപതയുടെ അധികാരപരിധിക്കു പുറത്തുള്ള ക്നാനായ ഇടവകകളെ സംബന്ധിച്ച് കത്തോലിക്കാ സഭ സ്വീകരിച്ചിരിക്കുന്ന ഈ നിലപാടിന്റെ പശ്ചാത്തലവും സാഹചര്യങ്ങളും ശരിയായി മനസ്സിലാക്കാതെ ചിലർ നടത്തിയ പ്രസ്താവനകളും പരാമർശങ്ങളും ആളുകളിൽ വലിയ ചിന്താക്കുഴപ്പത്തിനു കാരണമായി.

നിഷ്പക്ഷമായി വസ്തുതകൾ പഠിക്കുന്നവർക്ക് താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാകും.

1. ക്നാനായ സമുദായത്തിനു പുറത്തുനിന്നു വിവാഹം കഴിക്കുന്നവരെ കോട്ടയം അതിരൂപതയിൽ അംഗമായി തുടരാൻ അനുവദിക്കുകയില്ലെന്ന നയത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല; ആരും നിർദ്ദേശിച്ചിട്ടുമില്ല.

2. പ്രസ്തുത നയം തന്നെ അതിരൂപതാതിർത്തിക്കു പുറത്ത് സ്ഥാപിക്കപ്പെടുന്ന ഇടവകകളിലും രൂപതകളിലും നടപ്പിലാക്കണമെന്നാണ് കോട്ടയം അതിരൂപതയും ക്നാനായ സമുദായവും ആഗ്രഹിക്കുന്നത്.

3. ഇതിനായി ബന്ധപ്പെട്ട സഭാധികാരികളോട് നാം നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അംഗീകരിക്കപ്പെടുന്നതുവരെ ഇക്കാര്യം നാം സഭയോട് തുടർന്നും ആവശ്യപ്പെട്ടുകൊണ്ടിരിക്കും.

4. സഭയുടെ നിർദ്ദേശാനുസരണം ചിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ തന്റെ രൂപതയുടെ കീഴിലുള്ള ക്നാനായ ഇടവകകളിലെ അംഗത്വം സംബന്ധിച്ചെടുക്കുന്ന തീരുമാനം മാറ്റാനോ തിരുത്താനോ മാനിക്കാതിരിക്കാനോ കോട്ടയം അതിരൂപതാദ്ധ്യക്ഷന് അധികാരമില്ല.

5. കോട്ടയം അതിരൂപതയിൽ അനുവർത്തിക്കുന്ന നയം തന്നെ അതിരൂപതാതിർത്തിക്കു പുറത്തു സ്ഥാപിക്കപ്പെടുന്ന ഇടവകകളിലും നടപ്പിലാക്കാൻ അനുവദിക്കപ്പെടുന്നതുവരെ ചിക്കാഗോ രൂപതാദ്ധ്യക്ഷന്റെ ഇപ്പോഴത്തെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ അമേരിക്കയിലെ ക്നാനായ ഇടവകകൾ ബാദ്ധ്യസ്ഥരാണ്. അമേരിക്കയിൽ ആ തീരുമാനങ്ങൾ ആദരിക്കാൻ സഭാനിയമമനുസരിച്ച് കോട്ടയം അതിരൂപതാധികാരികളും നിർബന്ധിതരാണ്.

6. ചിക്കാഗോ രൂപതയിലെ ക്നാനായ ഇടവകകളിലെ അംഗത്വം സംബന്ധിച്ച് നമുക്ക് പൂർണ്ണമായും സ്വീകാര്യമല്ലാത്ത ഒരു നിയമത്തിന്റെ പേരിൽ, ഇടവകകൾ പോലുള്ള സഭാസംവിധാനങ്ങൾ വേണ്ടെന്നു വക്കുന്നത് വിവേകപൂർവ്വകമായ തീരുമാനമായിരിക്കുകയില്ല. ക്നാനായ സമുദായത്തിന്റെ പൊതുവും ആത്യന്തികവുമായ നൻമക്കുവേണ്ടി നമുക്ക് അസ്വീകാര്യമെങ്കിലും പരിശ്രമത്തിലൂടെ മാറ്റിയെടുക്കാവുന്ന കുറഞ്ഞ തിന്മ തൽക്കാലം നാം ഏറ്റെടുക്കുകയും അതു മാറ്റിക്കിട്ടുവാൻ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെയുള്ള നമ്മുടെ പരിശ്രമങ്ങൾ തുടരുകയും ചെയ്യുന്നതാവും കൂടുതൽ കരണീയം.

7. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെടുന്ന ക്നാനായ ഇടവകകളും രൂപതകളും ചേർന്ന് രൂപം കൊള്ളുന്ന സ്വയംഭരണാവകാശമുള്ള ക്നാനായ സഭാസമൂഹത്തിനായി നമുക്ക് ഒന്നുചേർന്ന് പരിശ്രമിക്കാം.

കടപ്പാട്: അപ്നാദേശ്